"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളുടെ സമയബന്ധിത തീർപ്പാക്കൽ ഉറപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ചെയർമാനായി തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർറെ നിയമിച്ച ഉത്തരവ് ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.251/2026/LSGD തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം.2121/2007/തസ്വഭവ, തീയതി 04.08.2007.
2. സ.ഉ.(സാധാ)നം.2254/2010/തസ്വഭവ, തീയതി 08.07.2010.
3. സ.ഉ.(സാധാ)നം.1679/2025/തസ്വഭവ, തീയതി 05.07.2025.
4. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21.07.2025-ലെ ഡി.കെ.എസ്.എ.78/എസ്.എസ്.3/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ ഓഡിറ്റ് ഏജൻസികളുടെ റിപ്പോർട്ടുകളുടെ സമയബന്ധിത തീർപ്പാക്കൽ ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിൽ പുന:സംഘടിപ്പിച്ച ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അധ്യക്ഷനായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ലാ ജോയിന്റ് ഡയറക്ടറെ നിയമിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനങ്ങളിലെ നിഷ്പക്ഷത ഉറപ്പാക്കുന്നതിനായാണ് ജില്ലാ കളക്ടറെ പരാമർശം (2) ഉത്തരവ് പ്രകാരം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി അദ്ധ്യക്ഷനായി നിയമിച്ചിരുന്നതെന്നും ആയതിനാൽ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി പ്രവർത്തനങ്ങളുടെ നിഷ്പക്ഷത ഉറപ്പാക്കുന്നതിനായി ജില്ലാ ജോയിന്റ് ഡയറക്ടർക്ക് പകരം ജില്ലാ കളക്ടറെ തന്നെ അധ്യക്ഷനായുള്ള നടപ്പുരീതി തുടരണമെന്നും പരാമർശം (4) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ഇതു കൂടാതെ ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ എന്നിവയുടെ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട സാധൂകരണ അപേക്ഷകൾ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിക്ക് പകരം സംസ്ഥാനതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി പരിശോധിക്കണമെന്നും 29.07.2025-ൽ ചേർന്ന സംസ്ഥാനതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനിച്ചിരുന്നു.

പരാമർശം (4) പ്രകാരമുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. ഏകീകൃത തദ്ദേശ സ്വയംഭരണ സർവ്വീസ് നിലവിൽ വന്ന സാഹചര്യത്തിലും എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും ജില്ലാതല അധികാരിയായി ജോയിന്റ് ഡയറക്ടർമാർ നിലവിൽ വന്ന സാഹചര്യത്തിലുമാണ് പരാമർശം (3) പ്രകാരം ജില്ലാ ജോയിന്റ് ഡയറക്ടർമാരെ ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് സമിതി അദ്ധ്യക്ഷനാക്കി ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ ഓഡിറ്റ് ഡയറക്ടർ സൂചിപ്പിച്ച വസ്തുതകൾ പരിശോധിച്ചപ്പോൾ , പുതിയ സംവിധാനം, ഓഡിറ്റ് നിരീക്ഷണങ്ങൾ തീർപ്പാക്കുന്നതിന് വകുപ്പിന് പുറത്തുള്ള നിഷ്പക്ഷമായ ഒരു ഫോറം വേണ്ടതുണ്ടെന്ന അടിസ്ഥാന ധാരണയ്ക്ക് എതിരാണെന്ന് സർക്കാർ വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് സമിതി അദ്ധ്യക്ഷൻമാരായി തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാരെ നിയമിച്ച ഉത്തരവ് ഭേദഗതി വരുത്തി , പരാമർശം(2)

ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ ജില്ലാ കളക്ടർമാർ തന്നെയായിരിക്കും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി അദ്ധ്യക്ഷൻമാർ എന്ന് സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

ജില്ലാ പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള സാധൂകരണ അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള ചുമതല സംസ്ഥാനതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിക്ക് നൽകികൊണ്ടും ഉത്തരവാകുന്നു.

പരാമർശം(3) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുക്കുട്ടൻ എം എസ്

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ / ഡയറക്ടർ (റൂറൽ / അർബൻ) തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I ) , ബ്രാഞ്ച് ഓഫീസ് , തൃശ്ശൂർ
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) , തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ജില്ലാ ജോയിന്റ് ഡയറക്ടർമാർ , എൽഎസ്ജിഡി
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർമാർ , എൽഎസ്ജിഡി മുഖാന്തരം )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 02-02-2026 14:09:23

സെക്ഷൻ ഓഫീസർ